# പതിനാലാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2517 09.03.2017 ന് മറുപടിയ്ക്ക്.

## വന്യമൃഗങ്ങൾ മൂലമുള്ള കൃഷി നഷ്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.കെ.വിജയൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വയനാട് ജില്ലയുമായി അതിർത്തി പങ്കിടുന്ന നാദാപുരം മണ്ഡലത്തിലെ കാവിലുംപാറ, നരിപ്പറ്റ, വണിമേൽ,വളയം, ചെക്കിയാട് തുടങ്ങിയ പഞ്ചായത്തുകളിൽ ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിനു ശാശ്വത പരിഹാരത്തിനു വേണ്ടി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. വനാതിർത്തിയിൽ 7.5 കി.മീറ്റർ ദൂരത്തിൽ സോളാർ പവർ ഫെൻസിംഗ് ചെയ്യുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വന്യമൃഗങ്ങളാൽ കൃഷിനാശം രൂക്ഷമായിട്ടുള്ള കരിങ്ങാട്, ചെമ്പോത്തുംപൊയിൽ ഭാഗത്ത് കൽമതിൽ കെട്ടുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. |
| (സി) 2016-17 കാലയളവിൽ ഈ മേഖലയിൽ വന്യമൃഗങ്ങൾ മൂലം എത്ര രൂപയുടെ കൃഷി നാശം സംഭവിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (സി) 2016-17 കാലയളവിൽ ഈ മേഖലയിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിൽ 2,86,995/- രൂപ നഷ്ടം കണക്കാക്കിയിട്ടുണ്ട്. |
| (ഡി) ഈ ഇനത്തിൽഎത്ര തുക നഷ്ട പരിഹാരം നൽകി എന്നും എത്ര തുക ഇനിയും നൽകാനുണ്ട് എന്നും വിശദമാക്കുമോ? | (ഡി) ഈ ഇനത്തിൽ ഇതുവരെ 1,09,236/- രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. 1,77,759/- രൂപ നൽകുവാൻ ബാക്കിയുണ്ട്. |

സെക്ഷൻ ഓഫീസർ